**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4184** **28-10-2021 - ൽ മറുപടിയ്ക്ക്**

**ലോട്ടറി മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ലോട്ടറി മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നല്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ഭാഗ്യക്കുറി വിപണിയെ കൂടുതൽ ഉത്തേജിപ്പിക്കുന്നതിനായി സജീവ അംഗങ്ങൾക്കും പെൻഷൻകാർക്കും ഭാഗ്യക്കുറി ടിക്കറ്റ് വാങ്ങുന്നതിന് യഥാക്രമം 3500/- രൂപയുടെയും 2000/- രൂപയുടെയും ഭാഗ്യക്കൂപ്പണുകൾ വിതരണം ചെയ്യുകയു- ണ്ടായി. തൊഴിൽ മേഖലയിൽ സുരക്ഷിത- രായി തുടരുന്നതിലേക്കായി ഒരു ജോഡി മാസ്ക്, സാനിറ്റൈസർ എന്നിവ സൗജന്യ മായി വിതരണം ചെയ്തിട്ടുണ്ട്. കോവിഡ്-19 രണ്ടാംഘട്ട ലോക്ഡൗൺ പശ്ചാത്തലത്തിൽ ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിലെ എല്ലാ സജീവ അംഗങ്ങൾക്കും 1000/- രൂപ വീതം അടിയന്തിര ആശ്വാസ ധന സഹായമായി വിതരണം ചെയ്തിട്ടുണ്ട്. ഭാഗ്യക്കുറി മേഖലയിലെ തൊഴിലാളികളെ തൊഴിൽ മേഖലയിൽ സജീവമാക്കുന്നതിന് ക്ഷേമനിധി പദ്ധതി വിജ്ഞാപന പ്രകാരം അംഗത്വ കാലാവധി ഒരു വർഷം പൂർത്തിയാക്കിയ സജീവ അംഗങ്ങൾക്കും, നിശ്ചിത കാലയളവിനുള്ളിൽ അംശദായ കുടിശ്ശിക ഒടുക്കി സജീവമാകുന്ന അംഗങ്ങൾക്കും 3000/- രൂപ വീതവും പ്രസ്തുത വർഷം ഏപ്രിൽ 1 മുതൽ പെൻഷന് അർഹത നേടുന്ന പെൻഷൻകാർക്ക് 1000/- രൂപ വീതവും ഭാഗ്യക്കുറി ടിക്കറ്റ് വാങ്ങുന്നതിലേക്കായി നൽകിയിട്ടുണ്ട്. നിലവിൽ ഇത്രയും ആനുകൂല്യങ്ങൾ നൽകി വരുന്നു. |
| (ബി) | ഈ മേഖലയിലെ തൊഴിലാളികൾക്ക് ഹെൽത്ത് ഇൻഷ്വറൻസും മക്കൾക്ക് പഠന സഹായവും നല്കാൻ നടപടികൾ ഉണ്ടാകുമോ? | (ബി) | ക്ഷേമനിധിയിലെ സജീവ അംഗങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രായോഗിക വശങ്ങൾ ക്ഷേമനിധി ബോർഡ് പരിശോധിക്കുന്നുണ്ട്. ക്ഷേമനിധിയിലെ സജീവ അംഗങ്ങളുടെ മക്കൾക്ക് പഠനസഹായത്തിനായി എല്ലാ വർഷവും സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ